ഉത്തരം

(എ) 25.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

ഹൈടെക് ഇനോവേറ്റീവ് അഗ്രികൾച്ചറൽ പ്രോജക്ടിന് ധനസഹായം

77 [1194] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-03 വാർഷിക പദ്ധതിയിൽപ്പെടുത്തി ഹൈടെക് ഇനോവേറ്റീവ് അഗ്രികൾച്ചറൽ പ്രോജക്ടിൽ ധനസഹായം കിട്ടുന്നതിന് ശ്രീ. ഇ. എം. ജോസഫ്, ഇടമനക്കുന്നേൽ, കട്ടപ്പന അപേക്ഷിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ബി) ആയതിൻമേൽ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത അപേക്ഷയിലും പ്രോജക്ട് റിപ്പോർട്ടിൻമേലും കാലതാമസം ഉണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. 22-1-2003-ൽ.

(ബി) ഹൈടെക് ഇനോവേറ്റീവ് അഗ്രികൾച്ചറൽ പ്രോജക്ടിൽ ഉൾപ്പെടുത്തി മിക്സഡ് ഫാമിംഗിന്റെ പ്രോജക്ട് ധനസഹായത്തിനായി ശ്രീ. ഇ. എം. ജോസഫ്, കട്ടപ്പന 22-1-2003-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യസ്ഥാപനത്തിന്റെ കൺസെന്റ് ലെറ്റർ, പരിശോധനാ റിപ്പോർട്ട്, ശുപാർശ കത്ത്, നിർദ്ദിഷ്ട കോപ്പികൾ ഇവയൊന്നും ഇല്ലാത്തതിനാൽ പ്രോജക്ട് ഇടുക്കി പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർക്ക് തിരിച്ച് നൽകി മേൽപ്പറഞ്ഞ രേഖകളോടുകൂടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ ഇത് സമർപ്പിക്കുന്നതിനുള്ള കാലതാമസം കാരണം സ്ക്രൂട്ടിണി കമ്മിറ്റിയിൽ സമർപ്പിക്കുവാൻ സാധിച്ചില്ല. 2004-05-ൽ ഉൾപ്പെടുത്തുവാനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ, ഇടുക്കിയോട് ആവശ്യമായ രേഖകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ഉണ്ട്.

ക്ഷീരകർഷകർക്ക് ആനുകൂല്യങ്ങൾ

78 [1196] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷകർക്ക് ഇപ്പോൾ സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള വികസന പദ്ധതിയനുസരിച്ച് ത്രിതല പഞ്ചായത്തുകൾ വഴി ക്ഷീര കർഷകർക്ക് ഏതെങ്കിലും ആനുകൂല്യം നൽകണമെങ്കിൽ അവർ ബി.പി.എൽ. വിഭാഗത്തിൽപ്പെടണമെന്ന നിബന്ധന നിലവിലുണ്ടോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഭൂരിഭാഗം ക്ഷീര കർഷകർക്കും ഇപ്പോൾ യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 2005-06-ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്.)നമ്പർ 85/2004 പ്ലാനിംഗ് 2004 ഡിസംബർ 10] ക്ഷീരകർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പ്രതിദിനം ആയിരം ലിറ്ററിൽ കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്ന സഹകരണസംഘങ്ങൾക്കു മാത്രമായി ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) സംസ്ഥാനത്ത് എത്ര സംഘങ്ങൾ ആയിരം ലിറ്ററിൽ കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ ;

(ജി) നെല്ലിനും മറ്റ് കാർഷികോൽപ്പന്നങ്ങൾക്കും പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതുപോലെ, ക്ഷീരസംഘങ്ങളിൽ നൽകുന്ന പാലിന് കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(എച്ച്) ക്ഷീരകർഷകർക്ക് പെൻഷൻ അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ ?

ഉത്തരം

(എ) ക്ഷീരകർഷകർക്ക് നിരവധി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. എല്ലാ ബ്ലോക്കുകളിലേയും തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് പുൽകൃഷി നടത്തുന്നതിനായി സൗജന്യമായി പുൽവിത്തുകളും, വിജയകരമായി പുൽകൃഷി പൂർത്തിയാക്കുന്നവർക്ക് ഹെക്ടർ ഒന്നിന് 5000 രൂപ ക്രമത്തിൽ ധനസഹായവും നൽകുന്നു. തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലെ അർഹരായ ക്ഷീരകർഷകർക്ക് അസോള കൃഷി നടത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് രണ്ട് പശുക്കൾ വീതമുള്ള ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും 4 പശുക്കൾ വീതമുള്ള മിനി ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീരവികസനവകുപ്പ് ധനസഹായം നൽകുന്നു. കൂടാതെ ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ മിനറൽ മിക്സ്ചർ ക്ഷീര സഹകരണസംഘം മുഖേന വിതരണം ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ക്ഷീര സഹകരണസംഘങ്ങൾക്ക് ഏഴ് ഇനങ്ങളിലായി സഹായം നൽകാവുന്നതിൽ അഞ്ച് ഇനങ്ങൾ 1000 ലിറ്ററിൽ കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്ന സംഘങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 169 സംഘങ്ങൾ.

(ജി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(എച്ച്) ഉണ്ട്.

മൃഗഡോക്ടർമാരുടെ ഒഴിവുകൾ

79 [1197] ശ്രീ. സി. മോയിൻകുട്ടി :

,, നാലകത്ത് സൂപ്പി :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മൃഗസംരക്ഷണവകുപ്പിൽ മൃഗഡോക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഇവയിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഇനിയും എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട് ;

(ഡി) ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണം എന്താണ് ;

(ഇ) ഇവരുടെ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 170 ഒഴിവുകൾ ഉണ്ട്.

(ബി) എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി, ഡി ആന്റ് ഇ) ബാധകമല്ല.

പ്രതിരോധ കുത്തിവെയ്പിനാൽ ക്ഷീരോൽപാദനം കുറയുന്നത്

80 [1199] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, ടി. കെ. ദേവകുമാർ :

,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പിന് വിധേയമാകുന്ന കന്നുകാലികളിൽ പാലുൽപാദനം കുറയുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly